**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1776** **13-02-2025 - ൽ മറുപടിയ്ക്ക്**

**കാൽനടയാത്രക്കാർ ഉൾപ്പെടുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാൽനടയാത്രക്കാർ ഉൾപ്പെടുന്ന അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കാണുന്നുണ്ട്.<br><br>കാൽനട യാത്രക്കാർ അപകടത്തിൽപ്പെടുന്ന പല കേസുകളിലും അശ്രദ്ധ കാരണമാണ് അപകടം ഉണ്ടാകുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനട യാത്രക്കാർ ശരിയായ രീതിയിൽ റോഡ് ക്രോസ് ചെയ്യാത്തതും സീബ്രാ ലൈനുള്ള സ്ഥലങ്ങളിൽ റോഡ് ക്രോസ് ചെയ്യുന്നതിനായി സീബ്രാ ലൈനുകൾ ഉപയോഗിക്കാത്തതും, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടും മറ്റും അശ്രദ്ധമായി റോഡ് ക്രോസ്സ് ചെയ്യുന്നതും അപകടങ്ങൾക്ക് ഒരു പ്രധാന കാരണമാണ്. |
| (ബി) | ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനും കാൽനടയാത്രക്കാർക്ക് കൂടുതൽ സുരക്ഷ ഒരുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി സ്പെഷ്യൽ ഡ്രൈവുകളും ബധോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.<br><br>സീബ്രാ ലൈനിൽ കാൽനടയാത്രക്കാരെ കാണുമ്പോൾ തന്നെ വാഹനം നിർത്തിക്കൊടുക്കുന്ന ഒരു സംസ്കാരം രൂപപ്പെടുത്തേണ്ടതായുണ്ട്. ഇതിനായി സീബ്രാ ക്രോസിംഗുകളിൽ കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നതിനായി നിൽക്കുന്ന സമയത്ത് വാഹനം നിർത്തിക്കൊടുക്കുന്നുണ്ട് എന്ന് പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് പരിശോധന നടത്തിയിട്ടുണ്ട്. ഇത്തരം പരിശോധനകൾ നിരന്തരം സംഘടിപ്പിച്ച് കാൽനടയാത്രക്കാരുടെ സുരക്ഷ സീബ്രാ ക്രോസിംഗുകളിൽ ഉറപാക്കും. |

കാൽനട യാത്രക്കാരുടെ അശ്രദ്ധമായ റോഡ് ഉപയോഗം മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിലും, പൊതു ഇടങ്ങൾ, ക്ലബ്ബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ പോലുള്ളവ നടത്തി വരുന്ന പരിപാടികളിലും ജനമൈത്രി പോലീസും, ട്രാഫിക് പോലീസും, മോട്ടോർ വാഹന വകുപ്പും ചേർന്ന് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ഓട്ടോ, ടാക്സി, ബസ്സ് ജീവനക്കാർക്കും സ്കൂൾകുട്ടികൾക്കും അദ്ധ്യാപകർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയും സ്റ്റേഷൻ പരിധികളിൽ SPC യൂണിറ്റ് അനുവദിച്ചിട്ടുള്ള സ്കൂളുകളിലെ കുട്ടികൾക്ക് പ്രത്യേകം ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നടത്തി അവരിലൂടെ പൊതുജനങ്ങൾക്ക് ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചും കൃത്യമായ വാഹന പരിശോധന നടത്തിയും സുരക്ഷിതമായ റോഡ് ഉപയോഗകത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി വരുന്നു.

കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് 'സ്കൂൾ മേഖല ' പദ്ധതി ആവിഷ്കരിച്ചു വരുന്നു. കൂടാതെ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിംഗ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ, റംബിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നടപ്പാതകളിൽ പൊട്ടിക്കിടക്കുന്ന സ്ലാബുകൾ സ്പെഷ്യൽ റിപ്പയർ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികളും നടത്തിവരുന്നു. കൂടാതെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവ കണക്കിലെടുത്തും, കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും, കാൽനട യാത്രക്കാർ കൂടുതൽ ഇല്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്. പുതുതായി കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി, റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തിവരുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും, നഗര വികസന പദ്ധതികളിലും റോഡു വികസനത്തിനോടൊപ്പം നടപ്പാതകളും

| | | | |
|---|---|---|---|
| | | | പൂർണ്ണമായി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെകിഫ്ബി ധന സഹായത്തോടെ ഏറ്റടുക്കുന്ന പ്രവർത്തികളിലും നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്. ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ യോജിച്ച പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാൽ നടയാത്രക്കാർക്ക് സുരക്ഷിതമായും സുഗമമായും നടക്കാൻ വേണ്ട ഫുട്ട് പാത്തുകൾ നിർമ്മിക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നു. കാഅനടയാത്രക്കാർക്ക് അപകടവും അസൗകര്യവും ഉണ്ടാകുന്ന തരത്തിലുള്ള അനധികൃത പാർക്കിംഗുകൾക്കെതിരെ പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും നടപടികൾ സ്വീകരിക്കുന്നുണ്ട്. റോഡരികിലെ കാടും പുല്ലും വെട്ടിമാറ്റി കാൽ നടപ്പാത സഞ്ചാരയോഗ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.<br><br>തിരക്കേറിയ ടൗണുകളിലും മറ്റും പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള സീബ്രാ ക്രോസിലും, ഫുട് പാത്തും, അണ്ടർ പാസേജുകളും, ഓവർ ബ്രിഡ്ജുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ട്രാഫിക് തടസ്സങ്ങൾ ഇല്ലാതെ സുഗമമായും സുരക്ഷിതമായും യാത്ര ചെയ്യുന്നതിനായി കാൽനട യാത്രക്കാരെ പര്യാപ്തരാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ട്രാഫിക് സൂചനകൾ സ്ഥാപിച്ചും, വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, തിരക്കേറിയ സ്ഥലങ്ങളിൽ കൂടുതൽ ട്രാഫിക് പോലീസിനെ വിന്യസിച്ചും അശ്രദ്ധമായി സഞ്ചരിക്കുന്ന കാൽനടയാത്രക്കാരെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നത് കാരണമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെപ്പറ്റി വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി സ്പെഷ്യൽ ഡ്രൈവുകളും ബധോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.<br><br>സീബ്രാ ലൈനിൽ കാൽനടയാത്രക്കാരെ കാണുമ്പോൾ തന്നെ വാഹനം നിർത്തിക്കൊടുക്കുന്ന ഒരു സംസ്കാരം രൂപപ്പെടുത്തേണ്ടതായുണ്ട്. ഇതിനായി സീബ്രാ ക്രോസിംഗുകളിൽ കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നതിനായി നിൽക്കുന്ന സമയത്ത് വാഹനം നിർത്തിക്കൊടുക്കുന്നുണ്ട് എന്ന് |

പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് പരിശോധന നടത്തിയിട്ടുണ്ട്. ഇത്തരം പരിശോധനകൾ നിരന്തരം സംഘടിപ്പിച്ച് കാൽനടയാത്രക്കാരുടെ സുരക്ഷ സീബ്രാ ക്രോസിംഗുകളിൽ ഉറപാക്കും.

കാൽനട യാത്രക്കാരുടെ അശ്രദ്ധമായ റോഡ് ഉപയോഗം മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിലും, പൊതു ഇടങ്ങൾ, ക്ലബ്ബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ പോലുള്ളവ നടത്തി വരുന്ന പരിപാടികളിലും ജനമൈത്രി പോലീസും, ട്രാഫിക് പോലീസും, മോട്ടോർ വാഹന വകുപ്പും ചേർന്ന് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ഓട്ടോ, ടാക്സി, ബസ്സ് ജീവനക്കാർക്കും സ്കൂൾകുട്ടികൾക്കും അദ്ധ്യാപകർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയും സ്റ്റേഷൻ പരിധികളിൽ SPC യൂണിറ്റ് അനുവദിച്ചിട്ടുള്ള സ്കൂളുകളിലെ കുട്ടികൾക്ക് പ്രത്യേകം ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നടത്തി അവരിലൂടെ പൊതുജനങ്ങൾക്ക് ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചും കൃത്യമായ വാഹന പരിശോധന നടത്തിയും സുരക്ഷിതമായ റോഡ് ഉപയോഗകത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി വരുന്നു.

കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് 'സ്കൂൾ മേഖല ' പദ്ധതി ആവിഷ്കരിച്ചു വരുന്നു. കൂടാതെ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിംഗ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ, റംബിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നടപ്പാതകളിൽ പൊട്ടിക്കിടക്കുന്ന സ്ലാബുകൾ സ്പെഷ്യൽ റിപ്പയർ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികളും നടത്തിവരുന്നു. കൂടാതെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവ കണക്കിലെടുത്തും, കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും, കാൽനട യാത്രക്കാർ കൂടുതൽ ഇല്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ

| | | | |
|---|---|---|---|
| | | | സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്. പുതുതായി കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി, റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തിവരുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും, നഗര വികസന പദ്ധതികളിലും റോഡു വികസനത്തിനോടൊപ്പം നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കിഫ്ബി ധന സഹായത്തോടെ ഏറ്റെടുക്കുന്ന പ്രവർത്തികളിലും നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്. ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ യോജിച്ച പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാൽ നടയാത്രക്കാർക്ക് സുരക്ഷിതമായും സുഗമമായും നടക്കാൻ വേണ്ട ഫുട്ട് പാത്തുകൾ നിർമ്മിക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നു. കാൽനടയാത്രക്കാർക്ക് അപകടവും അസൗകര്യവും ഉണ്ടാകുന്ന തരത്തിലുള്ള അനധികൃത പാർക്കിംഗുകൾക്കെതിരെ പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും നടപടികൾ സ്വീകരിക്കുന്നുണ്ട്. റോഡരികിലെ കാടും പുല്ലും വെട്ടിമാറ്റി കാൽ നടപ്പാത സഞ്ചാരയോഗ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.<br><br>തിരക്കേറിയ ടൗണുകളിലും മറ്റും പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള സീബ്രാ ക്രോസിലും, ഫുട് പാത്തും, അണ്ടർ പാസേജുകളും, ഓവർ ബ്രിഡ്ജുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ട്രാഫിക് തടസ്സങ്ങൾ ഇല്ലാതെ സുഗമമായും സുരക്ഷിതമായും യാത്ര ചെയ്യുന്നതിനായി കാൽനട യാത്രക്കാരെ പര്യാപ്തരാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ട്രാഫിക് സൂചനകൾ സ്ഥാപിച്ചും, വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, തിരക്കേറിയ സ്ഥലങ്ങളിൽ കൂടുതൽ ട്രാഫിക് പോലീസിനെ വിന്യസിച്ചും അശ്രദ്ധമായി സഞ്ചരിക്കുന്ന കാൽനടയാത്രക്കാരെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ